**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3669** 14.03.2017- ൽ മറുപടിയ്ക്ക്

# കോക്ലിയർ ഇംപ്ലാന്റ് സർജറിയുടെ തുടർ ചികിത്സ

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി

മറുപടി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റ് സർജറിയുടെ തുടർ ചികിത്സകൾക്കും കേടുവരുന്ന ഉപകരണങ്ങൾ മാറ്റിവയ്ക്കുന്നതിനും സർക്കാർ സഹായങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തിയ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിന് 10 വർഷവും സ്പീച്ച് പ്രോസസറിന് 4 വർഷവും മറ്റ് അക്സസറീസിന് സ്റ്റാൻഡേർഡ് വാറണ്ടിയുമാണുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ 200 കുട്ടികളുടെ സ്പീച്ച് പ്രോസസറിന്റേയും അക്സസറീസിന്റെയും വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് 2 വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| .(ബി) | കോക്ലിയർ ഇംപ്ലാന്റ് സർജറി പദ്ധതിയിൽ, നിലവിൽ നിശ്ചയിച്ചിട്ടുള്ള കുട്ടികളുടെ പ്രായപരിധി വർദ്ധിപ്പിക്കുന്നതിനും സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കോക്ലിയർ ഇംപ്ലാന്റ് സർജറി സൗകര്യം തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**